# സെന്റ് ജോൺ ഡി ബ്രിട്ടോ
# എ.ഐ.എച്ച്.എസ്
# ഫോർട്ടുകൊച്ചി

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 - 2026
## "ബ്രിട്ടോ വിഷൻ "

## ആമുഖം

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ആത്യന്തികമായ ലക്ഷ്യം.

ഓരോ കുട്ടിയുടെയും അറിവും കഴിവും അതാത് പ്രായഘട്ടത്തിനനുസൃതമായി കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്നതലത്തിലേക്ക് എത്തിക്കുന്നതിലൂടെ ഈ ലക്ഷ്യം കൈവരിക്കാനാകും.

ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് **'അക്കാദമിക് മാസ്റ്റർ പ്ലാൻ'**

## ലക്ഷ്യങ്ങൾ

1) മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2) അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3) എൽ.കെ.ജി മുതൽ 10-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവസമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും.

4) അദ്ധ്യാപനവും, അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1) **'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം'** എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും 'വിദ്യാഭ്യാസം' സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2) പാഠ - പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3) ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

4) പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

5) ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

6) പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട, ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ,പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## മേഖല - ഹൈസ്കൂൾ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ-ടെസ്റ്റ്<br>2. അക്ഷരമുറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. വാക്കുകൾ നിർമ്മിക്കുക<br>5. വാക്യങ്ങൾ നിർമ്മിക്കൽ<br>6. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം<br>ജൂലൈ<br>ആഗസ്റ്റ് | പുസ്തകങ്ങൾ<br>പത്രം<br>പോസ്റ്ററുകൾ | പി.ടി.എ<br>അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനോത്സവം സംഘടിപ്പിക്കൽ<br>3. പത്രവായന<br>4. വായനാനുഭവം<br>5. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>6. ദിനാചരണം | 3 മാസം<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>കമ്പ്യൂട്ടർ | പി.ടി.എ<br>അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. വായനക്കുറിപ്പ്<br>3. വ്യക്തിഗത രചന | 3 മാസം<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | ലൈബ്രറി<br>പുസ്തകങ്ങൾ | പി.ടി.എ<br>അധ്യാപകർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>2. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ-വീഡിയോ എന്നിവ കേൾപ്പിക്കുക<br>3. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | 1 മാസം<br>മാർച്ച് | ഓഡിയോ<br>വീഡിയോ | അധ്യാപകർ |

# ACADEMIC MASTER PLAN - HIGH SCHOOL ENGLISH 2025-2026

| AIMS | ACTIVITIES | MONTH | RESPONSIBLITIES | ECONOMIC SOURCE |
|---|---|---|---|---|
| 1. Speak fluently with confidence | 1. School Assembly<br>2. Observing important days. | Once a month | Teachers | PTA |
| 2. Script Writing | 1. Invitation<br>2. Script for role play. | Classroom activities | Teachers | English club. |
| 3. Independent reading and writing | 1. Newspaper Reading<br>2. Sentence Cards<br>3. Public Speaking<br>4. Diary Writing | Classroom activities<br>Assembly | Teachers | English club |
| 4. Dramatisation | 1. Skit<br>2. Puppet Show<br>3. Tableau | Classroom activities | Teachers | English club |

| AIMS | ACTIVITIES | MONTH | RESPONSIBLITIES | ECONOMIC SOURCE |
| --- | --- | --- | --- | --- |
| 5. Giving chances for recitation and writing poems | 1. Chances to listen to the audio clips<br>2. Preparing appreciations<br>3. Book reviews | Classroom activities | Teachers | English Club |
| 6. Making use of ICT in English Teaching. | 1. Giving chances to watch English movies and to read English magazines.<br>2. Conduct English fest | Classroom activities<br><br>Twice during the academic year | Teachers<br><br>Group leaders | English club |
| 7. Debate | 1. Conduct debates, panel discussions | Twice during the academic year | Teachers<br><br>peer groups | English club. |

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025 - 2026

## മേഖല:- അക്കാദമികം (ഹിന്ദി ഭാഷാ പഠനം)

### പൊതുവായ ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടം എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പുവരുത്തുക.
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവുമായി മാറ്റി കുട്ടികൾക്ക് ഹിന്ദി ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കുവാനും സർഗ്ഗാത്മ രചനകൾ വികസിപ്പിക്കുവാനുമുള്ള അവസരങ്ങൾ നൽകുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവു നേടുവാൻ പ്രാപ്തരാക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയുവാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണവും പരിചയപ്പെടുത്തുന്നു | അക്ഷരങ്ങൾ എഴുതിയ കാർഡ് നൽകി അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. | ജൂൺ | ഹിന്ദി അധ്യാപകൻ | |
| അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണ്ടെത്തുവാനും പഠിപ്പിക്കുന്നു. | ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂലൈ | | |
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | ഭിന്നശേഷി കുട്ടികൾക്കായി ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ നൽകുന്നു. | | | |

| | | | | |
|---|---|---|---|---|
| ആഴ്ചയുടെ പേരുകൾ സംഖ്യകൾ എന്നിവ പരിചയപ്പെടുത്തുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ഓരോ വിദ്യാർത്ഥിയുടേയും ജനനതിയ്യതി ഹിന്ദിയിൽ എഴുതിക്കുന്നു. | ഓഗസ്റ്റ് | ഹിന്ദി അധ്യാപകൻ | |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. | കേട്ടെഴുത്ത്, പ്രശ്നോത്തരി, പദസൂര്യൻ എന്നിവ നൽകുന്നു. കോപ്പിബുക്ക് - വിദ്യാർത്ഥികൾ പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പി ബുക്കിൽ വ്യക്തമായി എഴുതുന്നു. | സെപ്റ്റംബർ | | |
| വാക്യഘടന പരിചയപ്പെടുന്നു - നാമം, സർവനാമം, വിശേഷണം. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവനാമം, വിശേഷണം എന്നിവ കണ്ടെത്തി എഴുതുന്നു. | ഒക്ടോബർ | ഹിന്ദി അധ്യാപകൻ | |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യങ്ങളോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട് സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുന്നു. വിവിധ വിഷയങ്ങളിൽ പോസ്റ്റർ, കവിതയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. തിരക്കഥ, ഡയറി, റിപ്പോർട്ട്, രചനകളുമായി ബന്ധപ്പെട്ട് പുതിയ സാങ്കേതികവിദ്യയുടെ സഹായത്താൽ ബ്ലർബ് (പുറന്താൾ കുറിപ്പ്), കോമിക് സ്ട്രിപ്പ് തയ്യാറാക്കുന്നു. ഇങ്ങനെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട് വസ്തുതകൾ തയ്യാറാക്കുന്നു. | നവംബർ<br>ഡിസംബർ<br>ജനുവരി | ഹിന്ദി അധ്യാപകൻ | |
| ഹിന്ദി മത്സരങ്ങൾ | കലോൽസവവുമായി ബന്ധപ്പെട്ട് ഹിന്ദിയിൽ പാടാനും എഴുതുവാനും പറയുവാനും മികവു പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോൽസാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തുന്നു. | | | |

ഹിന്ദി അസംബ്ളി

ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ളി. ഓരോ ആഴ്ചയിലേയും പ്രാർത്ഥന, പ്രതിജ്ഞ, വാർത്താ പാരായണം തുടങ്ങിയവയെല്ലാം ഹിന്ദി മാധ്യമത്തിലായിരിക്കും.

ദിനാചരണങ്ങൾ

ഹിന്ദിദിനം, പരിസ്ഥിതി ദിനം, പ്രേംചന്ദ് ജയന്തി, വായനാദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കുക. ദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

ഹിന്ദി ക്ളബ്

സ്കൂളിൽ ഹിന്ദിഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മക്കായി ഹിന്ദി ക്ളബ് രൂപീകരിക്കും. പ്രസിഡണ്ട്, സെക്രട്ടറി, മൂന്ന് കമ്മിറ്റി അംഗങ്ങൾ എന്നിങ്ങനെ അഞ്ച് ചുമതലക്കാർ ഉണ്ടാകും.

വിവരസാങ്കേതികവിദ്യ

ഹിന്ദി പഠനത്തിന് സഹായകമായി ലഭിക്കുന്ന വിവിധ ദൃശ്യ ശ്രവ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവരസാങ്കേതിക വിദ്യ വിനിയോഗിക്കും.

മേഖല - അക്കാദമികം

ഉപമേഖല - സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ചരിത്രാക്കളെ ചരിത്രാവബോധം ഉള്ളവാക്കുക | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | കുട്ടികൾ, PTA |
| 2. അർജ്ജിതമായ സാമൂഹ്യ ശാസ്ത്രവിജ്ഞാനം മറ്റുള്ളവരിലേക്ക് എത്തിക്കൽ | സ്കിറ്റ് അവതരണം കുട്ടികൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. | 1 വർഷം 3 എണ്ണം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | — |
| 3. സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് | മോഡലുകൾ സംഘടിപ്പിക്കൽ ഓരോ ക്ലാസ്സിന്റെയും പഠനോപകരണം ഉണ്ടാക്കൽ. | 1 വർഷം 1 തവണ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | സമ്മാനങ്ങൾ PTA |
| 4. ജനാധിപത്യം, പൗരബോധം, മൂല്യബോധം ഇവ വളർത്തുന്നതിന് | സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുന്നു. | പ്രത്യേക ദിവസം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | — |

| | | | | |
|---|---|---|---|---|
| 5. സാമൂഹ്യ ശാസ്ത്രത്തിൽ നിരീക്ഷണം വിശകലനം വളർത്തുക. | ബുള്ളറ്റിൻ ബോർഡിൽ അന്താരാഷ്ട്ര ദിവസത്തെ സോഷ്യൽ സയൻസുമായി ബന്ധപ്പെട്ട വാർത്തകൾ പ്രദർശിപ്പിക്കൽ | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | — |
| 6. ഭൂപടവായന, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക. | അറ്റ്ലസ്, മാപ്പുകൾ ഗ്ലോബ്, etc എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA |
| | — | X — | X — | |

## മേഖല - ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിരീക്ഷണ പാടവം, പരീക്ഷണങ്ങൾ, കൗതുകം എന്നിവ പരിപോഷിപ്പിക്കൽ | • ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ ചെയ്യുവാനുള്ള അവസരം, മൈക്രോസ്കോപ്പ് കൈകാര്യം ചെയ്യൽ, മോഡൽ നിർമ്മാണം, ഗ്രൂപ്പ് ചർച്ച | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | അധ്യാപകർ |
| അന്വേഷണങ്ങളിലൂടെയും വിശകലനങ്ങളിലൂടെയും വസ്തുതകൾ കണ്ടെത്തി ക്രോഡീകരിക്കുന്നു. | • പാഠഭാഗവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം<br>• ലഘു പ്രോജക്ട് -<br>• മെച്ചപ്പെട്ടതിന്റെ അവതരണം പഠനോത്സവത്തിൽ<br>• ഔഷധ സസ്യങ്ങളുടെ പ്രദർശനം<br>• ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു<br>• സെമിനാറുകൾ സംഘടിപ്പിക്കുകയും മികച്ചത് പഠനോത്സവത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം [illegible] | സയൻസ് അധ്യാപകർ | അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രസാങ്കേതിക വിദ്യ ഉപയോഗിച്ച് കുട്ടികളിൽ മാനവികതയിൽ ഊന്നിയ ശാസ്ത്രബോധം വളർത്തുന്നു. | ക്ലാസ് മുറികളിൽ ICT റിസോഴ്സസ് ഉപയോഗിക്കുന്നു<br>സയൻസ് കോർണർ, - ശാസ്ത്ര ലൈബ്രറി എന്നിവ ക്ലാസ്മുറികളിൽ സജ്ജീകരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | അധ്യാപകർ |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | ഔഷധത്തോട്ടവും, പച്ചക്കറിത്തോട്ടം നിർമ്മാണം.<br>സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്<br>മാലിന്യ സംസ്കരണം - ബോധവത്കരണ ക്ലാസുകൾ<br>പേപ്പർ ബാഗ് നിർമ്മാണം | | | |
| അന്വേഷണ ത്വര വർധിപ്പിക്കൽ, നേരറിവ് നേടൽ | ക്വിസ്, പഠനയാത്ര, പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.<br>വിദഗ്ധരുടെ ക്ലാസ് - സംവാദം<br>കൗമാരവിദ്യാഭ്യാസം - | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | അധ്യാപകർ രക്ഷിതാക്കൾ |

മേഖല - ഹൈസ്കൂൾ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം: പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയാറാക്കൽ, മാത്സ് ക്ലിനിക്. | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേഴ്സ് ഗ്രാന്റ് |
| 2) നിർമ്മിതിയിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ” |
| 3). ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ, ജ്യാമിതി പരിചയപ്പെടുത്തൽ | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ 3 തവണ | ഗണിത ക്ലബ്ബ്, അധ്യാപകർ | ഗണിത ക്ലബ്ബ്, പിടിഎ |

| | | | | |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും സംഘ ബോധം ഉണ്ടാക്കൽ | സംഘപാഠനം | വർഷത്തിൽ ഒരിക്കൽ | തുടർ പ്രവർത്തനം അദ്ധ്യാപകർ. | അദ്ധ്യാപകർ, സംഘതലവൻ |
| 5) അദ്ധ്യാപകർ കലാനന്ദ്യ മൈത്രി. അടിസ്ഥാനപ്പെടുത്തുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ചർച്ചകൾ, പാഠാസൂത്രണം, എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | തുടർ പ്രവർത്തനം | വി.ഷ സമിതി കൺവീനർ | PTA. |
| 6) ഗണിത മത്സരവേദിയിലേക്ക്:- മേളകളിൽ ഉന്നതസ്ഥാനം കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | അദ്ധ്യാപകർ | പി.ടി.എ. |
| 7) ഗണിത ലാബ് | ശില്പശാലയിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ജൂലൈ | അദ്ധ്യാപകർ | ക്ലബ്ബ് സെക്രട്ടറി. |

# അക്കാദമിക മാസ്റ്റർ പ്ലാൻ - UP മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം : പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു | ജൂൺമാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്. | ജൂൺമാസം | മലയാളം അധ്യാപകർ | |
| | അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാർത്താലോകത്തേക്ക് പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| 3) സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക. | സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണങ്ങളും സംവാദങ്ങളും വായിക്കുവാനും കാണുവാനും അവസരം ഒരുക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | ഹെഡ്മിസ്ട്രസ് അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗാത്മക ശേഷി വളർത്തലും | ഇ-കമ്പ്യൂട്ടിംഗ് മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | 2 വർഷം വർഷാവസാനം | മലയാളം ഐ.ടി. അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം: പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചൊൽക്കാഴ്ചകൾ, ചെറു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം. | മലയാളം അധ്യാപകർ | |
| കുട്ടികളുടെ ആകാശവാണി അവതരണം. | എല്ലാ വെള്ളിയാഴ്ചകളിലും വിശേഷ ദിവസങ്ങളിലും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ | ക്ലാസ്സ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ. | |

# ACADEMIC MASTER PLAN - 2025-26

## UP ENGLISH

| Aim | Activities | Month | Responsibility | Economic source |
|---|---|---|---|---|
| To improve listening and speaking skills | Story telling, Discussing themes characters and plot<br>Group Discussions<br>Role play<br>Vocabulary games to build word knowledge. | June | English teachers | English club |
| To develop basic reading, writing, listening and speaking skills. | Interactive Reading groups.<br>Groups read short stories, excerpts etc<br>Discuss key elements like plots, characters and themes.<br>Loud reading and sharing views and interpretations of the texts read.<br>Presentation of summary or analysis<br>guided reading sessions.<br>Listening to audio stories. | July | | |

| Aim | Activities | Month | Responsibility | Economic Source |
| --- | --- | --- | --- | --- |
| To develop writing skills. Introduction of parts of speech, tenses, sentence structure etc. | Practice for simple creative writing writing descriptions, short stories simple poems etc. Paragraph writing and essays. Use of persuasive writing techniques and posing arguments. | August to December | English Teachers | English Club. |
| To learn the basic rules of grammar, punctuato etc. | | | | |
| Vocabulary expansion through interactive activities | Listening to and analysing different media sources. Interactive grammar games. work sheets on parts of speech, punctuation and sentence types | January and February | English teachers and group leaders | English Club. |

| Aim | Activities | Month | Responsibility | Economic Source |
| --- | --- | --- | --- | --- |
| To make English learning interesting through language games, puzzles and riddles. | Reinforcing vocabulary, grammar and language skills through language games. Playing word association games, charades, vocabulary bingo etc. | Throughout the year | English teachers | English club |
| To support the CWSN | using differentiated instruction providing accomodation and modification. Small group instruction, tutoring peer mentoring and remedial teaching. | | | |
| To enrich the gifted learners | Enrichment opportunities like extended reading beyond the core curriculum. | | English teachers Peer groups | English club |

യു. പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. 5, 6, 7 ക്ലാസ്സ് ഹിന്ദി ബോധം ഉറപ്പിക്കൽ<br>ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവ സ്വരം തിരുത്തുക പഠിപ്പിച്ചെടുക്കുക. | * പുതിയ പാഠങ്ങൾ, പദ്യങ്ങൾ എന്നിവ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കിക്കൊടുത്ത് പഠിപ്പിക്കും.<br>ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| 2. ഹിന്ദി വായന<br>തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. ഹിന്ദി ചിത്രകഥകൾ, സിഡിയിൽ തന്നെ ഹിന്ദി എഴുതി കാണിക്കുന്നത് പ്രദർശിപ്പിക്കും. | ജൂൺ, മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |

| | | | | |
|---|---|---|---|---|
| 3. <u>ഹിന്ദി സംസാരം</u><br>ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാൻ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം ക്ലാസ്സുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസ്സിൽ കൊണ്ടുവരുകയും സംഭാഷണത്തിന് അവസരം നൽകുകയും ചെയ്യും.<br><br><u>വായനയ്ക്ക്</u> വാക്കുകൾ തെറ്റിച്ച് വായിക്കുന്ന അധ്യാപികയെ ശരിയാക്കി വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കും.<br><br><u>മത്സരവായന</u> - തെറ്റുകൂടാതെ വാക്കുകൾ ആവർത്തിക്കാതെ, പാസ് ചെയ്യാതെ കൂടുതൽ വരികൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുന്നു | | | |

# U.P. Section

## Academic Master Plan

### Social Science

| Sl. No. | Aim | Activities | Period | Duties |
|---|---|---|---|---|
| 1. | Attaining the basic knowledge, concepts of Social Science | Giving Memory tests, providing clues to test the subject knowledge, asking them the capitals, name of the lakes, Geographic features etc | June (Reopening days) | Teachers |
| 2. | 2 Creating Historical awareness, Creating among the students love and Patriotism | ICT, visiting the Historical monuments around the local area of the school | July, August | Teachers |
| | 3 Creating a Democratic awareness in students | Participating in the School Election to select the school leader, visiting to find out the administration done in the ward/Division by meeting Councillor | September | Teachers |

| Sl.No | Aim | Activities | Period (Time) | Duties |
| --- | --- | --- | --- | --- |
| 4. | Disaster Management Awareness. | With the help of ICT, the students are given awareness to tackle disaster | October | Teachers |
| 5. | Mutual Understanding, Co-existance | Providing physical, mental and financial aid to the victims, Creating awareness in students | November | Teachers |
| 6. | Usefulness of Social Media | With the several Club activities, Cyber Crime, Road safety etc are given importance and knowledge of the same is given | December / January | Teachers |
| 7 | Sustainable Development | Conducting Survey about the Sacred Grove (കണ്ടൽ) Mangrove forests, beach, river sides etc | February, March. | Teachers. |

## യു. പി. ബേസിക് സയൻസ് - അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, നേച്ചർ ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് |
| | • ഫീൽഡ് ട്രിപ്പ്<br>പ്രകൃതിയിലെ വിവിധതരം സസ്യങ്ങൾ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തുക. | ഒക്ടോബർ | ശാസ്ത്രാധ്യാപകർ, നേച്ചർ ക്ലബ്ബ്, സയൻസ് ക്ലബ്ബ് |
| | പരീക്ഷണ കളരി<br>നിത്യജീവിതത്തിൽ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ മുന്നോട്ട് പോകുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിച്ച് പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഊർജ്ജ ക്ലബ്ബ് |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുന്നു. | • എക്സിബിഷൻ<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രോൽസവം സംഘടിപ്പിക്കുന്നു. | ഒക്ടോബർ | ശാസ്ത്രാധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| | ശാസ്ത്ര വിസ്മയ ചുമർ<br>പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |
| 3) ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |

# Maths UP അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1 അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | ഗണിത ശില്പശാല<br>കളിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു മുത്തുകൾ, ഫ്ലാഷ് കാർഡ് - - - - ഉപയോഗിക്കുന്നു.) | ജൂൺ മാസം - ആഗസ്റ്റ് മാസം<br>വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 2 രസകരമായ ഗണിത ശാസ്ത്ര പഠനവും കൗശലശേഷികളുടെ വികാസവും. | ഒറിഗാമി ശില്പശാല<br>ഒറിഗാമിയിലൂടെ ജ്യാമിതീയകലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ നേടിയെടുക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ കണ്ടെത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | | ഗണിത അധ്യാപകർ | ഗണിതക്ലബ്<br>PTA |
| 3) ഗണിതം മധുരമാണ് | ഗണിതലാബ് ഒരുക്കുന്നു<br>ഗണിത കോർണർ ക്ലാസ് മുറികളിൽ ഒരുക്കുന്നു | | ഗണിത അധ്യാപകർ | |
| 4) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ | | | |

Maths UP അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വതന്ത്ര വിശകലനം |
|---|---|---|---|---|
| | നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | | |
| 5) വിവിധ ശേഷികളുടെ വികാസം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണ അതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ചർച്ച ചെയ്യുന്നു. നിശ്ചിത ദിവസത്തിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# L.P

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

LP - ENGLISH

| Aim | Activities | Time | Responsibility | Financial Analysis |
| --- | --- | --- | --- | --- |
| To speak, Read & write English without any mistakes | Listening skills<br>Games, action songs, Hello English activities.<br>2. Conversation<br>3. Use ICT.<br>Speaking skills.<br>Picture reading.<br>Picture description<br>Growing sentences<br>self introduction.<br>Assembly activities -<br>* Stories * Rhymes<br>* Poem<br>* Speech | June,<br>July.<br>August | | PTA<br>SSA |

LP - ENGLISH

| Aim | Activities | Time | Responsibility | Financial Analysis |
|---|---|---|---|---|
| | Reading Skills<br>- Reading cards<br>- Describing words<br>- Finding new words<br>- Rhyming words<br>- News paper reading<br>- Library books reading<br>- Text book activities | June to March | class teacher<br>CPTA<br>SRG | PTA |
| | - Writing skills:<br>* Make word web.<br>* Growing sentences<br>* Picture description<br>* Add more lines<br>* sentence making<br>* Develop stories.<br>* Description * Riddles<br>* conversation<br>* Diary<br>* Letter<br>* Notice. | June to March | | |

| Aim | Activities | Time | Responsibility | Financial Analysis |
| --- | --- | --- | --- | --- |
| To identifying, supporting and encouraging children who are struggling in different areas of the classroom.. | Ensuring the support of special educators and ensuring their participation in learning activities. | June to March | Class teacher<br>class PTA<br>BRC<br>SRG<br>H. M | PTA<br>SSA |

LP- MALAYALAM

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | അനുയോജ്യമായ ഭാവം, ഒച്ചകൾ, അർത്ഥം പ്രകടമാക്കുന്ന ചലനങ്ങൾ എന്നിവയോടെ വായിച്ച് അവതരിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക. | പാഠപുസ്തകത്തിലും ടീച്ചർ ടെക്സ്റ്റിലേയും പഠനാശയങ്ങൾക്ക് പൂരകമായതും ഭാവാത്മക വായനയ്ക്കനുയോജ്യമായ പുസ്തകങ്ങളോ പുസ്തകഭാഗങ്ങളോ സ്കൂൾ ലൈബ്രറിയിൽ നിന്നും മറ്റും വേർതിരിച്ച് ശേഖരിക്കൽ. | ജൂൺ - ജൂലായ് | എസ്. ആർ. ജി. | SSA, PTA |
| 2. | പാഠപുസ്തകങ്ങൾക്കു പുറമെ വിവിധ വ്യവഹാര രൂപ സാമഗ്രികൾ ലഭ്യമാക്കുക. അവ വായിച്ച് അവതരിപ്പിക്കാനുള്ള അവസരമൊരുക്കുക. | * കുട്ടികൾക്ക് ഒരു പുസ്തക സമ്മാനം.<br>* സർഗാത്മക രചനകൾ നൽകി ഡിജിറ്റൽ സാമഗ്രികളാക്കി തയ്യാറാക്കൽ. | ആഗസ്റ്റ്- സെപ്തംബർ | എസ്. ആർ. ജി. സ്പോൺസേർസ് | SSA, PTA |
| 3. | വാതിൽപ്പുറ പഠനത്തിന് അവസരമൊരുക്കുക | ഫീൽഡ് ട്രിപ്പിന് അവസരം. | | | |
| 4. | വായനയിൽ കുട്ടികൾ പുലർത്തുന്ന മികവ് പൊതു സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനവസരം. | ബാലജനസഖ്യം, അസംബ്ലി തുടങ്ങിയ ഇടങ്ങളിൽ കുട്ടികളുടെ സർഗാത്മക പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിനുള്ള അവസരം ക്രമീകരിക്കൽ. | ഒക്ടോബർ- നവംബർ | PTA, H.M ക്ലബ്ബുകൾ, | SSA, PTA |

| | | | | | |
|---|---|---|---|---|---|
| 5 | സ്വതന്ത്ര വായനയ്ക്കും സർഗാത്മക പ്രവർത്തനങ്ങളുടെ വികാസ അവതരണത്തിനും വേണ്ടിയുള്ള വ്യവഹാര രൂപങ്ങളുടെ നിർമാണ പ്രവർത്തനങ്ങളുടെ അവസരം. | ഡയറി എഴുത്ത്, കത്ത്, വിവരണം, സംഭാഷണം, പോസ്റ്റർ എന്നിവ എഴുതി അവതരിപ്പിക്കുന്നതിനുള്ള അവസരം (ചാർട്ട്, പ്ലക്കാർഡ്) | ഡിസംബർ | ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | SSA, PTA |
| 6. | പഠന പ്രക്രിയയിൽ കുട്ടികൾക്ക് പ്രാധാന്യമുള്ള നിലപാടുകൾ സ്വീകരിക്കുന്നതിനവസരം. കുട്ടികളുടെ പ്രകടനം, ഉത്പന്നം എന്നിവ വിലയിരുത്തി ആവശ്യമായ പിന്തുണ നൽകുന്നു. തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | • ചർച്ചകൾ<br>• സർഗാത്മക ഡയറി.<br>• നിരീക്ഷണം.<br>എന്നിവയ്ക്കവസരം ഒരുക്കുന്നു. | ജനുവരി | അധ്യാപിക. എസ്. ആർ. ജി | SSA, PTA |
| 7 | ക്ലാസ് റൂമിലെ വ്യത്യസ്ത വിഭാഗങ്ങളിൽ പ്രയാസം നേരിടുന്ന കുട്ടികളെ തിരിച്ചറിഞ്ഞ് അവർക്കാവശ്യമായ പിന്തുണ നൽകുന്നു. | സ്പെഷ്യൽ എഡ്യുക്കേറ്റർമാരുടെ സഹകരണം തേടുന്നു. കുട്ടികളുടെ വെല്ലുവിളി ക്യാമ്പുകളിലെ പങ്കാളിത്തം. | ജനു മുതൽ ഫെബ്രുവരി മാർച്ച് വരെ | BRC സ്പെഷ്യൽ എഡ്യുക്കേറ്റർ, HM, PTA | SSA, PTA |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

L.P

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. | ജൂൺ - ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG | PTA |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താത്പര്യം ജനിപ്പിക്കുന്നതിനുള്ള അവസരം. ശാസ്ത്രാവബോധം വളർത്തുക. | പ്രകൃതിപ്രതിഭാസങ്ങളെ പരീക്ഷണ വിധേയമാക്കിയിട്ടുള്ള നിരീക്ഷണ പ്രവർത്തനം. കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ. | ജൂൺ ജൂലൈ ആഗസ്റ്റ് | SRG | |
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | പോസ്റ്റർ രചനാമത്സരം. | ജൂൺ, ജൂലൈ | HM CPTA | |
| പ്രകൃതിയെ അറിയാൻ, പ്രകൃതി വിഭവ സംരക്ഷണം, ആസ്വദിക്കുന്നതിനും | ചുറ്റുപാടുമുള്ള പക്ഷിമൃഗാദികളെ പരിചയപ്പെടുത്തൽ. ജലസ്രോതസ്സുകൾ. ICT പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം. | സപ്തംബർ ഡിസംബർ ജനുവരി | ടീച്ചേഴ്സ് SRG | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| നിരീക്ഷണം - അറിവു നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം. | HM<br>CPTA | PTA |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ, വാർത്തകൾ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ. | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| ശാസ്ത്ര പഠനത്തിൽ താൽ-പര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ. | സയൻസ് പാർക്ക്<br>ശാസ്ത്ര മേളിക്കൽ പ്രദർശനങ്ങൾ. | ആവശ്യാനുസരണം. | SRG<br>ക്ലാസ്ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ. | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന. | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന്. | | |
| കേരളം - ഇന്ത്യ<br>ഭൂപട വായന - സൂചിക പരിചയപ്പെടൽ. | ഭൂപട വായന<br>ഭൂപട രചന, സൂചിക നിർമ്മാണം. | ആവശ്യാനുസരണം. | SRG<br>ക്ലാസ്ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ് മുറികളിൽ വ്യത്യസ്ത വിഭാഗങ്ങളിൽ പ്രയാസമനുഭവിക്കുന്ന കുട്ടികളെ തിരിച്ചറിഞ്ഞ് അവർക്കാവശ്യമായ പിന്തുണ നൽകുന്നു. | സ്പെഷ്യൽ എഡ്യുക്കേറ്റർമാരുടെ സഹകരണം ഉറപ്പാക്കുന്നു. കുട്ടികളുടെ മെഡിക്കൽ ക്യാമ്പുകളിലെ പങ്കാളിത്തം. ചിത്രവായന, ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>CPTA<br>SRG.<br>BRC<br>സ്പെഷ്യൽ എഡ്യുക്കേറ്റേഴ്സ്. | PTA.<br>SSA |
| | | | | |

LP ഗണിതം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| 1. | ഗണിത പഠനം രസകരമാക്കൽ. | വിവിധ തരം ഗണിത കളികൾ | ജൂൺ - ജൂലൈ | എസ്. ആർ. ജി | SSA , PTA |
| 2. | ഗണിത ചിന്താശേഷി വളർത്തൽ. | കുസൃതി കണക്കുകൾ, ഗണിത പസിലുകൾ, ഒറിഗാമി, റിഡിൽസ് | ആഗസ്റ്റ് - സെപ്തംബർ | എസ്. ആർ. ജി. | അധ്യാപിക |
| 3. | ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ. | ഗണിത ലാബ് ഒരുക്കൽ, പഠനത്തിന്റെ ഉപയോഗപ്പെടുത്തൽ. | ഒക്ടോബർ | H.M. PTA എസ്. ആർ. ജി. | PTA |
| 4. | നിത്യ ജീവിതവുമായി ബന്ധപ്പെട്ട് ഗണിത ആശയങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ചുറ്റുപാടുമുള്ള വസ്തുക്കളിൽ ഗണിത രൂപങ്ങൾ തിരിച്ചറിയൽ. ഗണിത ചുമർ ഒരുക്കൽ. | നവംബർ [illegible] | എസ്. ആർ. ജി | അധ്യാപിക |
| 5 | ഗണിത പഠനോപകരണ ശിൽപശാല | ഗണിത പഠനോപകരണങ്ങളുടെ നിർമ്മാണ പ്രവർത്തനം. • ഗണിത കിറ്റുകളുടെ പ്രയോജനപ്പെടുത്തൽ | ഡിസംബർ ജനുവരി | SSA എസ്. ആർ. ജി | SSA |

| | | | | | |
|---|---|---|---|---|---|
| 6. | ഗണിത മേള, ഗണിത ശേഷികളുടെ പ്രകടനം. പഠനോത്സവം ക്വിസ്സുകൾ. | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രവർത്തനം. | ആവശ്യാനുസരണം ഫെബ്രുവരി | എസ്. ആർ. ജി. | SSA . PTA |
| 7. | വ്യത്യസ്ത വിഭാഗങ്ങളിൽ പ്രയാസമനുഭവിക്കുന്ന കുട്ടികൾക്ക് ആവശ്യമായ പിന്തുണ. | അനുരൂപീകരണ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നു. · സ്പെഷ്യൽ എഡ്യുക്കേറ്ററുടെ പിന്തുണ ഉറപ്പാക്കുന്നു. പഠനോത്സവങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | വർഷം മുഴുവൻ മാർച്ച് | അധ്യാപിക BRC സ്പെഷ്യൽ എഡ്യുക്കേറ്റേഴ്സ്. | PTA, അധ്യാപിക എസ്. ആർ. ജി. |